**S. AANANTHAKRISHNAN IPS**
ADDITIONAL DIRECTOR GENERAL OF POLICE &
TRANSPORT COMMISSIONER, KERALA

**Transport Commissionerate**
**II Floor, Trans Towers, Vazhuthacaud**
**Thiruvananthapuram-695 014**
Phone: Office : 0471-2333314
Fax : 0471-2333314
Mobile : 8547639080
E-mail : tc@keralamvd.gov.in

**നം. ഇ1/19404/റ്റി.സി./2016** തീയ്യതി: 09.05.2017

സ്വീകർത്താവ്

1. എല്ലാ ഡെപ്യൂട്ടി ട്രാൻസ്പോർട്ട് കമ്മീഷണർമാർക്കും
2. എല്ലാ റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർമാർക്കും
3. എല്ലാ ജോയിന്റ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർമാർക്കും

സർ,

വിഷയം: സാധുതയില്ലാത്ത തേഡ് പാർട്ടി ഇൻഷുറൻസുമായി നിരത്തിലോടുന്ന വാഹനങ്ങൾക്കെതിരായ നടപടി സംബന്ധിച്ച്.

സൂചന: 1. 25.03.2017 ലെ ഈ ഓഫീസിൽ നിന്നുള്ള ഇതേ നമ്പർ കത്ത്.
2. ബഹു. സുപ്രീം കോടതിയുടെ കമ്മിറ്റീ ഓൺ റോഡ് സേഫ്റ്റിയുടെ 27.12.2016, 20.03.2017 തീയ്യതികളിലെ നം.56/CoRS/2016 പ്രകാരമുള്ള കത്തുകൾ.

ബഹുമാന്യ സുപ്രീം കോടതി അധികാരപ്പെടുത്തിയ റോഡ് സുരക്ഷാ കമ്മിറ്റിയുടെ മേൽ സൂചന രണ്ടിലെ നിർദ്ദേശപ്രകാരം നിരത്തിലിറക്കുന്ന വാഹനങ്ങൾക്ക് തേഡ് പാർട്ടി ഇൻഷുറൻസ് എടുത്തിട്ടുണ്ടോയെന്ന് കൂടെക്കൂടെ പരിശോധിക്കേണ്ടതും അത്തരം ഇൻഷുറസ് ഇല്ലാത്ത വാഹനങ്ങൾ പിടിച്ചെടുക്കേണ്ടതും അത്തരം വാഹനങ്ങളുടെ സാധുതയുള്ള തേഡ് പാർട്ടി ഇൻഷുറൻസ് വാഹന ഉടമകൾ ഹാജരാക്കിയതിനുശേഷം മാത്രം വാഹനങ്ങൾ വിട്ട് നൽകേണ്ടതുമാണെന്ന് നിർദ്ദേശിച്ചിട്ടുള്ളതാണ്. ഇപ്രകാരം നടത്തിയ പരിശോധനയും അവയിൽ ഇൻഷുറൻസ് ഇല്ലാതെ തടഞ്ഞു വയ്ക്കപ്പെട്ടതുമായ വാഹനങ്ങളുടെ എണ്ണവും പരിശോധനയ്ക്കുശേഷം ഇൻഷുറൻസ് എടുത്ത വാഹനങ്ങളുടെ എണ്ണവും ചേർത്ത് ത്രൈമാസ റിപ്പോർട്ട് 2017 ഏപ്രിൽ ഒന്നു മുതൽ കമ്മിറ്റി മുമ്പാകെ സമർപ്പിക്കണമെന്നും നിർദ്ദേശം ലഭിച്ചിട്ടുണ്ട്. ഇക്കാര്യങ്ങൾ സൂചന ഒന്നിൽ പറഞ്ഞിരിക്കുന്ന കത്ത് മുഖാന്തിരം റിപ്പോർട്ട് നൽകേണ്ട മാതൃക ഉൾപ്പെടെ എല്ലാ ഉദ്യോഗസ്ഥരേയും അറിയിച്ചിട്ടുള്ളതുമാണ്. എന്നാൽ അതിൽ ശുഷ്കാന്തിയോടെയുള്ള നടപടി ഉണ്ടായതായി ഇതുവരെയുള്ള കണക്കുകളിൽനിന്നും കാണുന്നില്ല. അതിനാൽ ഇക്കാര്യത്തിൽ അടിയന്തിര നടപടിയെടുക്കാൻ എല്ലാ ഉദ്യോഗസ്ഥരും ശ്രദ്ധിക്കേണ്ടതാണ്.

കേന്ദ്ര മോട്ടാർ വാഹന നിയമം സെക്ഷൻ 146 അനുസരിച്ച് സാധുവായ ഒരു ഇൻഷുറൻസ് പോളിസി നിലവിലില്ലാത്ത ഒരു വാഹനം നിരത്തിലിറങ്ങാൻ അനുവദിക്കുവാൻ പാട്ടുള്ളതല്ല. പ്രസ്തുത നിയമത്തിലെ സെക്ഷൻ 196 പ്രകാരം ഇത്തരത്തിലുള്ള ഒരു വാഹനം ഇൻഷുറൻസ് പോളിസി നിലവിലില്ല എന്ന അറിവോടെ ഓടിക്കുന്ന ഡ്രൈവറെ ഉൾപ്പെടെ പ്രോസിക്യൂഷൻ നടപടികൾക്ക് വിധേയനാക്കേണ്ടതാണ്. മേൽ പറഞ്ഞ നിയമങ്ങളുടെ പശ്ചാത്തലത്തിൽ പരിശോധിക്കുമ്പോൾ ഇൻഷുറൻസ് ഇല്ലാത്ത വാഹനം ഒരു സാധുവായ ഇൻഷുറൻസ് പോളിസി ഹാജരാക്കുന്നതുവരെ തടഞ്ഞു വയ്ക്കാൻ മോട്ടോർ വാഹന വകുപ്പ് ഉദ്യോഗസ്ഥർക്ക് പരോക്ഷമായ അധികാരം സിദ്ധിക്കുന്നുണ്ട് എന്നത് വ്യക്തമാണ്.

അതിനാൽ ബഹു. സുപ്രീം കോടതി കമ്മിറ്റിയുടെ നിർദ്ദേശങ്ങളും കേന്ദ്ര മോട്ടോർ വാഹന നിയമത്തിലെ വകുപ്പുകളും അനുസരിച്ചുള്ള നടപടികൾ എല്ലാ ഉദ്യോഗസ്ഥരും അടിയന്തിരമായി നടത്തേണ്ടതും ഇതിനെ സംബന്ധിച്ചുള്ള ത്രൈമാസിക റിപ്പോർട്ടുകൾ കൃത്യസമയത്ത് എത്തിച്ചു തരേണ്ടതുമാണ്. ഇക്കാര്യത്തിൽ വീഴ്ചകൾ വരാതിരിക്കാൻ ബന്ധപ്പെട്ട ഡെപ്യൂട്ടി ട്രാൻസ്പോർട്ട് കമ്മീഷണർമാർ വ്യക്തിപരമായ ശ്രദ്ധ ചെലുത്തേണ്ടതും കൃത്യവിലോപം വെളിവാകുന്നിടത്ത് അച്ചടക്ക നടപടികൾ ആരംഭിക്കേണ്ടതുമാണ്.

വിശ്വസ്തതയോടെ

എസ്. ആനന്ദകൃഷ്ണൻ ഐ.പി.എസ്
ട്രാൻസ്പോർട്ട് കമ്മീഷണർ.